**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

2025-ലെ അൽമായ ദിനത്തോടനുബന്ധിച്ച്,
അൽമായർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ
**അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ**
പുറപ്പെടുവിക്കുന്ന സർക്കുലർ

# അല്മായ ദിനം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ബഹു. സമർപ്പിതരേ, കർത്താവിൽ പ്രിയ സഹോദരി സഹോദരന്മാരേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ വർഷം അൽമായ ദിനം ആചരിക്കുന്നത് മെയ് 04 ഞായറാഴ്ചയാണ്. അൽമായരുടെ വിളിയും ദൗത്യവും സവിശേഷമായി അനുസ്മരിക്കുന്ന ഈ ദിനത്തിന്റെ പ്രാർത്ഥനാശംസകൾ എല്ലാ അൽമായ സഹോദരങ്ങൾക്കും സമൃദ്ധമായി നേരുന്നു!

നാം ക്രൈസ്തവ വിശ്വാസം ജീവിക്കുന്ന വിശുദ്ധ സഭ, ദൈവിക സ്ഥാപനത്താൽത്തന്നെ വിസ്മയനീയമായ വൈവിധ്യത്താൽ ക്രമവത്കരിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്ന ഒന്നാണ്. “നമുക്ക് ഒരു ശരീരത്തിൽ അനേകം അവയവങ്ങളുണ്ട്. എന്നാൽ എല്ലാ അവയവങ്ങൾക്കും ഒരേ ധർമമല്ല, അതുപോലെ നാം പലരാണെങ്കിലും ക്രിസ്തുവിൽ ഏകശരീരമാണ്; ഓരോരുത്തരും പരസ്പരം ബന്ധമുള്ള അവയവങ്ങളും” (റോമാ 12:4,5).

അതിനാൽ, തിരഞ്ഞെടുക്കപ്പെട്ട ദൈവജനം ഒന്നു മാത്രമേയുള്ളൂ. ഒരു കർത്താവ് ഒരു വിശ്വാസം ഒരു ജ്ഞാനസ്നാനം‘ (എഫേ 4:5). മിശിഹായിലുള്ള പുതിയ ജനനം പ്രാപിച്ചവരായ അതിന്റെ അംഗങ്ങൾക്ക് ഒരേ മഹത്ത്വമാണുള്ളത്. കാരണം, “യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല. നിങ്ങളെല്ലാവരും ക്രിസ്തുയേശുവിൽ ഒന്നാണ്” (ഗലാ 3:28). അതുകൊണ്ട്, സഭയിൽ എല്ലാവരും ഒരേ വഴിയിൽക്കൂടെയല്ല പ്രയാണം ചെയ്യുന്നതെങ്കിലും എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു.

അൽമായ പങ്കാളിത്തവും കൂട്ടുത്തരവാദിത്വവും സവിശേഷമായി തിരുസഭയുടെ ശുശ്രൂഷാ മണ്ഡലത്തെ അർത്ഥപൂർണ്ണമാക്കുന്നു. അൽമായരുടെ പ്രേഷിതത്വം സഭയുടെ തന്നെ രക്ഷാകര ദൗത്യത്തിലുള്ള അവരുടെ ഭാഗഭാഗിത്വമാണ്.

വിവിധ സ്ഥലങ്ങളിലും വ്യത്യസ്ത സാഹചര്യങ്ങളിലും സഭയെ സന്നിഹിതമാക്കുകയും യാഥാർത്ഥ്യവത്കരിക്കുകയും ചെയ്യാൻ അൽമായർ പ്രത്യേക വിധമായി വിളിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ, എല്ലാ അൽമായരും തങ്ങൾക്കു ലഭിച്ചിരിക്കുന്ന ദാനങ്ങൾ നിമിത്തവും മിശിഹായുടെ ദാനങ്ങളുടെ അളവനുസരിച്ചും (എഫേ 4:7) സഭയുടെ തന്നെ സാക്ഷികളും സജീവ ഉപകരണങ്ങളുമായി നിലകൊള്ളുന്നു.

ദൈവികമായ രക്ഷാസന്ദേശം ലോകം മുഴുവനിലുമുള്ള എല്ലാ മനുഷ്യരുടെ പക്കലും ഉത്സാഹപൂർവ്വം പ്രചരിപ്പിക്കാൻ വേണ്ടി അധ്വാനിക്കാനുള്ള മഹത്തായ കടമ എല്ലാ അൽമായർക്കുമുണ്ട്. തങ്ങളുടെ കഴിവുകൾക്കും കാലത്തിന്റെ ആവശ്യങ്ങൾക്കും അനുസൃതമായി സഭയുടെ രക്ഷാകര ശുശ്രൂഷയിൽ അൽമായ സഹോദരങ്ങൾ തീക്ഷ്ണതാ പൂർവം പങ്കെടുക്കുവാൻ കടപ്പെട്ടിരിക്കുന്നു.

അൽമായ സഹോദരങ്ങൾ ലൗകിക കാര്യങ്ങളിൽ വ്യാപൃതരായിരിക്കുമ്പോൾത്തന്നെ ലോകത്തെ സുവിശേഷവത്കരിക്കുന്നതിൽ വിലപ്പെട്ട ശുശ്രൂഷ നിർവഹിക്കാൻ പ്രാപ്തരും അതിനു കടപ്പെട്ടവരുമാണ്. സ്വർഗ്ഗരാജ്യത്തിന്റെ വ്യാപനത്തിനും വളർച്ചയ്ക്കും വേണ്ടി സഹകരിക്കാൻ അൽമായ സഹോദരങ്ങൾ കടപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ വെളിപ്പെടുത്തപ്പെട്ട സത്യത്തിന്റെ കൂടുതൽ അവഗാഢമായ അറിവിനായി അൽമായ സഹോദരങ്ങൾ തീവ്രമായി പരിശ്രമിക്കണം. ഓരോ അൽമായനും ലോകത്തിനു മുമ്പിൽ ഉത്ഥാനത്തിന്റെ സാക്ഷിയും ജീവനുള്ള ദൈവത്തിന്റെ അടയാളവുമായിരിക്കണം.

എല്ലാവരും ഒറ്റയ്ക്കൊറ്റയ്ക്കും കൂട്ടായും തങ്ങളുടെ കഴിവിനൊത്ത് ലോകത്തെ ആത്മിക ഫലങ്ങളാൽ ധന്യമാക്കാൻ കടപ്പെട്ടിരിക്കുന്നു (ഗലാ 5:22). സുവിശേഷത്തിൽ കർത്താവ് ഭാഗ്യവാന്മാരെന്നു പ്രഖ്യാപിച്ച ദരിദ്രരിലും ശാന്തശീലരിലും സമാധാനമുണ്ടാക്കുന്നവരിലും (മത്താ 5:3-9) ചൈതന്യം പകരുന്ന മനോഭാവം ലോകത്തിൽ ചൊരിയുന്നതിനും അൽമായ സഹോദരങ്ങൾക്കു കടമയുണ്ട്.

അൽമായർക്കു പ്രേഷിതത്വത്തിനുള്ള കടമയും അവകാശവും ലഭി

ക്കുന്നത് ശിരസ്സായ മിശിഹായോട് അവർക്കുള്ള ഐക്യത്തിൽ നിന്നു തന്നെയാണ്. മാമ്മോദീസാ വഴി മിശിഹായുടെ നിഗൂഢ ശരീരത്തിൽ സംയോജിപ്പിക്കപ്പെട്ട്, സ്ഥൈര്യലേപനം വഴി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ബലപ്പെടുത്തപ്പെട്ട്, പ്രേഷിത പ്രവർത്തനത്തിനു കർത്താവാൽ ത്തന്നെ അവർ നിയുക്തരാകുന്നു. രാജകീയ പൗരോഹിത്യത്തിലേക്കും വിശുദ്ധ ജന പദത്തിലേക്കും (1 പത്രോ 2:4-10) അവർ അഭിഷിക്തരാകുന്നു.

പിതാവാൽ അയയ്ക്കപ്പെട്ട മിശിഹാ സഭയുടെ എല്ലാ പ്രേഷിതത്വത്തിന്റെയും ഉറവയും ഉറവിടവുമാകുന്നതു കൊണ്ട് അൽമായരുടെ പ്രേഷിതത്വത്തിന്റെ ഫലദായകത്വം മിശിഹായുമായുള്ള അവരുടെ ഐക്യത്തെ ആശ്രയിച്ചിരിക്കുന്നു എന്നു വ്യക്തം.

അൽമായ സഹോദരങ്ങളുടെ കുടുംബ സംബന്ധമായ വ്യഗ്രതകളോ മറ്റ് ലൗകിക വ്യാപാരങ്ങളോ ആധ്യാത്മിക ജീവിതത്തിന് അന്യമാകണമെന്നില്ല. വിശുദ്ധ പൗലോസ് ശ്ലീഹയുടെ വാക്കുകളിൽ: "നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തു ചെയ്താലും അതെല്ലാം കർത്താവായ യേശുവിന്റെ നാമത്തിൽ പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ടു ചെയ്യുവിൻ" (കൊളോ 3:17).

ഇത്തരത്തിലുള്ള ജീവിതത്തിന് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും നിരന്തരമായ പരിശീലനം ആവശ്യമായി വരും. വിശ്വാസത്തിന്റെ വെളിച്ചത്തിലും ദൈവവചനത്തിന്റെ മനനത്തിലും മാത്രമേ ഒരുവന് എപ്പോഴും എല്ലായിടത്തും ആരിൽ നമ്മൾ ജീവിക്കുകയും ചരിക്കുകയും ആയിരിക്കുകയും (അപ്പ 17:28) ചെയ്യുന്നുവോ, ആ ദൈവത്തെ കണ്ടുമുട്ടാനും എല്ലാ സംഭവങ്ങളിലും അവിടത്തെ ഇഷ്ടം അന്വേഷിക്കാനും കഴിയുകയുള്ളൂ.

അൽമായ സഹോദരങ്ങളുടെ ആത്മികജീവിതത്തിന്റെയും പ്രേഷിത ജീവിതത്തിന്റെയും ഉത്തമമാതൃകയാണ് ദൈവ മാതാവായ കന്യകാ മറിയം. മറിയം ലോകത്തിലായിരുന്നപ്പോൾ കുടുംബത്തിലെ ശുശ്രൂഷയും ജോലികളും നിറഞ്ഞ സാധാരണ ജീവിതം നയിച്ചു. സ്വപുത്രനോട് സദാ അവഗാഢം ബന്ധിതതായി രക്ഷകന്റെ പ്രവർത്തനത്തോടു സവിശേഷമായ രീതിയിൽ സഹകരിച്ചു. ഇപ്പോഴാകട്ടെ, സ്വർഗാരോപിതയായി തന്റെ മാതൃസഹജമായ സ്നേഹത്താൽ തന്റെ മക്കളെ അമ്മ സംരക്ഷിക്കുന്നു. പരിശുദ്ധ ദൈവമാതാവിന്റെ ശക്തമായ സംരക്ഷണയിൽ നമ്മുടെ ജീവി

തത്തെയും തൊഴിൽ മണ്ഡലങ്ങളെയും നമുക്ക് സമർപ്പിക്കാം.

അൽമായർ തങ്ങളുടെ ദൗത്യം നിർവഹിക്കുന്നത് കുടുംബം, വിദ്യാലയം, സംഘടനകൾ, തൊഴിലിടങ്ങൾ, വ്യവസായ മേഖലകൾ, സാമുദായികരംഗം, രാഷ്ട്രീയം തുടങ്ങിയ പ്രവർത്തന മേഖലകളിൽ വ്യാപാരിച്ചുകൊണ്ടാണ്. ദൈവാലയത്തിന് പുറത്ത് ക്രൈസ്തവർ വ്യാപരിക്കുന്ന എല്ലാ മേഖലകളിലും അൽമായ സഹോദരങ്ങൾ ക്രിസ്തുവിന് മൂർത്തമായ സാക്ഷ്യം നൽകുന്നു.

സഭാസമൂഹത്തിന്റെ പ്രഥമവും ദൃശ്യവുമായ അനുഭവം ഏറ്റവും കൂടുതലായി പ്രകടിതമാകുന്നത് സദാ സാർവത്രികമാനമുള്ള ഇടവകയിലാണ്. ഇടവകയിലാണ് സഭാരഹസ്യം സന്നിഹിതമായിരിക്കുന്നതും പ്രവർത്തിക്കുന്നതും. ഇടവക, ഒരു ഘടനയോ പ്രദേശമോ അല്ല; പ്രത്യുത ദൈവ അരൂപി ഉജ്വലിക്കുന്ന ഒരു കൂട്ടായ്മയാണത്. നമ്മെ സ്വാഗതം ചെയ്യുന്ന വീടും കുടുംബവുമാണത്.

വ്യക്തികളെ ഒരുമിച്ചുചേർക്കുന്ന അടിസ്ഥാനഘടകം കുടുംബമാണ്. ഗാർഹിക സഭയാണ് സാർവത്രിക സഭയുടെ ശക്തിയും ചൈതന്യവും. മൂല്യങ്ങൾ വളർത്താനും സന്മാർഗ്ഗ ബോധത്തിൽ വരും തലമുറയെ രൂപപ്പെടുത്തുവാനും കുടുംബങ്ങളുടെ രാജാവും രാജ്ഞിയുമായ അൽമായ സഹോദരങ്ങൾക്ക് സാധിക്കണം.

ഇടവകകളിലെ അടിസ്ഥാന ഘടകങ്ങളായ പ്രാർത്ഥനാ ഗ്രൂപ്പുകൾ, സുവിശേഷ സംഘങ്ങൾ, വിവിധ കാര്യാലയ യൂണിറ്റുകൾ എന്നിവ അല്മായ ശാക്തീകരണത്തിനും അല്മായ നേതൃത്വത്തിനും വലിയൊരു സാധ്യതയാണ് തുറന്നുകൊടുത്തിരിക്കുന്നത്.

മലങ്കര സുറിയാനി കത്തോലിക്കാ സഭ അൽമായ ദിനം ആചരിക്കുമ്പോൾ യേശുക്രിസ്തു ആഗ്രഹിക്കുന്ന തരത്തിലുള്ള ആത്മീക പക്വതയിൽ അൽമായ സഹോദരങ്ങൾ വളരേണ്ടതുണ്ട്. യേശുക്രിസ്തു ആയിരിക്കട്ടെ നമ്മുടെ ചിന്തകളുടെയും നിലപാടുകളുടെയും പ്രവർത്തനങ്ങളുടെയും മാനദണ്ഡം.

പാവപ്പെട്ടവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും പക്ഷം ചേരുവാനും ശബ്ദമില്ലാത്തവരുടെ ശബ്ദമാകുവാനും സത്യസന്ധതയോടെ നേരിന്റെ പക്ഷത്ത് നിലയുറപ്പിക്കുവാനും നിലപാടുകളിൽ സ്ഥിരത കാത്തുസൂക്ഷിക്കുവാനും അൽമായ സഹോദരങ്ങൾക്ക് സാധിക്കട്ടെ.

സദാ കർമ്മനിരതമായിരിക്കുന്ന സർവ്വ മണ്ഡലങ്ങളിലും നീതിയുടെ കാവലാളാകുവാൻ നിങ്ങൾക്ക് പ്രത്യേക കടമയുണ്ട്. നിങ്ങളിലാണ് സഭയുടെ നീതി നിർവഹണ ദൗത്യം പ്രകാശിതമാകേണ്ടത്.

പൊതുസമൂഹത്തിന്റെ വിവിധ മേഖലകളിൽ ധീരതയോടെ സുവിശേഷ സാക്ഷ്യം നൽകുന്ന നിങ്ങളോരോരുത്തരെയും ഞാൻ അഭിനന്ദിക്കുന്നു. ക്രിസ്തു ദർശനത്തിന്റെ പ്രകാശവും ആർജവത്വവും നിങ്ങളായിരിക്കുന്ന കർമ്മ മണ്ഡലത്തിലൂടെ അനേകർക്ക് ലഭ്യമാകട്ടെ. വചന വർഷത്തിന്റെ പശ്ചാത്തലത്തിൽ ഗൗരവമായി തിരുവചനം പഠിക്കുവാനും ജീവിക്കുവാനും നിങ്ങൾക്ക് സാധിക്കട്ടെ.

നിരവധിയായ ന്യൂനപക്ഷ അവകാശ നിഷേധങ്ങളുടെ പശ്ചാത്തലത്തിലാണ് നാം ജീവിക്കുന്നത്. ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷ അവകാശങ്ങൾ മനസിലാക്കുവാനും അവയുടെ സംസ്ഥാപനത്തിനുവേണ്ടി നിലയുറപ്പിക്കുവാനും നിങ്ങൾക്ക് സാധിക്കട്ടെ. സഭയോടൊത്ത് നിലയുറപ്പിച്ച് സത്യത്തിൽ അടിസ്ഥാനമുറപ്പിച്ച നീതി ബോധം നമുക്ക് മുറുകെ പിടിക്കാം. നീതി നിഷേധത്തിന്റെ അവസരങ്ങളിലും പൗരന്റെ അടിസ്ഥാന അവകാശങ്ങളിൽ കടന്നു കയറ്റം ഉണ്ടാകുമ്പോഴും ഭരണഘടന നൽകുന്ന അവകാശങ്ങൾ ഭരണാധികാരികൾ നിഷേധിക്കുമ്പോഴും നേരിന്റെ പക്ഷം നിന്നുകൊണ്ട് സാധാരണക്കാരന്റെ ജീവിത വഴികളിൽ സമാശ്വാസം നൽകുവാനും മലങ്കരയിലെ അൽമായ പ്രസ്ഥാനങ്ങൾക്ക് സാധിക്കട്ടെ.

അൽമായ ദിനം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അല്മായരുടെ പൊതു ആഘോഷമാണ്. MCA, MCMF, പിതൃസംഘം, വിൻസെന്റ് ഡി. പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി തുടങ്ങിയ എല്ലാ അല്മായ സംഘടനകളും ഒരുമിച്ച് ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. സഭയുടെ വളർച്ചയ്ക്കും സമൂഹത്തിന്റെ കെട്ടുറപ്പിനും അൽമായ പ്രസ്ഥാനങ്ങൾ നൽകുന്ന നേതൃത്വവും സഹകരണവും ഞാൻ നന്ദിയോടെ ഇത്തരുണത്തിൽ വിലമതിക്കുന്നു.


സുവിശേഷസംഘത്തിൽ കൈവയ്പ്പ് സ്വീകരിച്ച അൽമായ സഹോദരങ്ങൾ നല്കുന്ന ജീവിത സാക്ഷ്യം അനേകർക്ക് പ്രചോദനമാണ്. സഭയുടെ വളർച്ചാ പശ്ചാത്തലത്തിൽ ഭവനങ്ങൾ കേന്ദ്രീകരിച്ചുള്ള മിഷൻ പ്രവർത്തനശുശ്രൂഷയിൽ അൽമായ സഹോദരങ്ങൾ കാണിക്കുന്ന പ്രതിബദ്ധത അനേകർക്ക് പ്രചോദനമാണ്. പ്രവാസജീവിതത്തിന്റെ പരിമിതി

കൾ വകവയ്ക്കാതെ പ്രതിബദ്ധതയോടെ സഭയോട് ചേർന്ന് നിൽക്കുന്ന അൽമായ സഹോദരങ്ങൾ തിരുസഭയുടെ ശോഭയേറിയ സാക്ഷ്യമുഖമാണ്. ബുദ്ധിമുട്ടുകൾ നിറഞ്ഞ പ്രവാസ ജീവിതത്തിലും അധ്വാനത്തിന്റെ ഒരു ഓഹരി തിരുസഭയുടെ കാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കുന്ന സഹോദരങ്ങളെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

അൽമായ ദിനത്തിലെ വിശുദ്ധ കുർബാനയുടെ സ്തോത്ര കാഴ്ച നമ്മുടെ സഭയിലെ അൽമായ ശുശ്രൂഷയ്ക്കു വേണ്ടിയാണല്ലോ നാം വിനിയോഗിക്കുന്നത്. അന്നേ ദിവസം ഉദാരമായി സ്തോത്രകാഴ്ച നൽകി അനുഗ്രഹീതരാകുവാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സഭയുടെ പ്രത്യേക കാനോന 601 പ്രകാരം പ്രസ്തുത സ്തോത്രകാഴ്ച സമാഹരിച്ച് ബഹു. വികാരിയച്ചന്മാർ അതത് അതിഭദ്രാസന, ഭദ്രാസന പ്രൊക്കുറേറ്റർമാരുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതും പ്രൊക്കുറേറ്റർമാർ പ്രസ്തുത തുകയുടെ പകുതി അതിഭദ്രാസന, ഭദ്രാസനതല അൽമായ ശുശ്രൂഷകൾക്ക് വിനിയോഗിക്കേണ്ടതും, മറ്റേ പകുതി, സഭാതല അൽമായ ശുശ്രൂഷകൾക്കായി കാതോലിക്കേറ്റ് സെന്ററിൽ സഭാതല ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അൽമായ പ്രസ്ഥാനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേഫ് പിതാവ് നമുക്ക് തുണയും മദ്ധ്യസ്ഥനുമായിരിക്കട്ടെ.

ഉത്ഥിതനായ കർത്താവ് എല്ലാ അൽമായ ശുശ്രൂഷകളെയും വാഴ്ത്തി അനുഗ്രഹിക്കട്ടെ.

എന്ന്,



**✠ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
അൽമായർക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
അല്മായദിനം 2025

N.B. ഈ സർക്കുലർ അല്മായ ദിനമായ മെയ് 4-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേതാണ്.